# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4878** **26.06.2019 -ലെ മറുപടിയ്ക്ക്**

## <u>പൊതുനിരത്തിൽ കണ്ടെത്തിയ ഉത്തരക്കടലാസുകൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | എം.ജി സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി ജെനറ്റിക് പരീക്ഷയുടെ 39 ഉത്തരക്കടലാസുകൾ പൊതുനിരത്തിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ കാര്യം ഉന്നതവിദ്യാഭ്യാസ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) | എം.ജി സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി ജെനറ്റിക് പരീക്ഷയുടെ 29 ഉത്തരക്കടലാസുകൾ പാതയോരത്ത് നഷ്ടപ്പെട്ടത് സർവ്വകലാശാല പരിശോധിക്കുകയും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതിനാലും വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | ഉത്തരക്കടലാസുകൾ കോടതിവഴി വീണ്ടെടുത്തിട്ടുള്ളതും കൃത്യ നിർവ്വഹണത്തിൽ വീഴ്ച്ചവരുത്തിയ അദ്ധ്യാപികയെ പരീക്ഷാജോലികളിൽ നിന്ന് മാറ്റി നിർത്തിയിട്ടുള്ളതുമാകുന്നു. |
| (സി) | ഉത്തരക്കടലാസുകളിൽ മാർക്ക് രേഖപ്പെടുത്തിയിട്ടുള്ള കാര്യം സർവകലാശാല പരിശോധിച്ചിട്ടുണ്ടോ; | (സി) | വീണ്ടെടുത്ത എല്ലാ ഉത്തരക്കടലാസുകളും ആയതിന്റെ മാർക്കുകളും സർവ്വകലാശാല പരിശോധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച | (ഡി) | ബന്ധപ്പെട്ട അദ്ധ്യാപികയെ പരീക്ഷാജോലികളിൽ നിന്ന് മാറ്റി നിർത്തിയിട്ടുള്ളതും മൂല്യനിർണ്ണയ ക്യാമ്പ് ഓഫീസറെ അന്വേഷണ |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | | വിധേയമായി പരീക്ഷാജോലികളിൽ നിന്ന് മാറ്റി നിർത്തി അന്വേഷിക്കുകയും ടിയാൻ നിരപരാധിയാണെന്ന് കണ്ട് ശിക്ഷാനടപടികൾ പിൻവലിച്ചിട്ടുള്ളതുമാകുന്നു. |
| (ഇ) | ഇത്തരം കാര്യങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കുവാൻ സർക്കാർ തലത്തിൽവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഇത്തരം വിഷയങ്ങൾ ആവർത്തിയ്ക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും അടക്കം വേണ്ടുന്ന നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ സർക്കാർ തലത്തിൽ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.